**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5816** **08-07-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിൽ നിലവിൽ എത്ര ജീവനക്കാരാണുള്ളതെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ; | (എ) | ആലപ്പുഴ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിൽ ആകെ 22 ജീവനക്കാർ ആണ് ഉള്ളത്. ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു |
| (ബി) | കെട്ടിട നിർമ്മാണ പെർമിറ്റിനായി പ്രസ്തുത ഓഫീസിൽ ലഭിക്കുന്ന അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2021 മുതൽ എത്ര അപേക്ഷകളാണ് നിലവിൽ തീർപ്പ് കൽപ്പിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുവാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2024 മെയ് മാസം മുതലുള്ള 24 ഫയലുകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. |
| (സി) | വീട് വയ്ക്കുന്നതിന് വേറെ സ്ഥലമില്ലാത്തവരുടെ അപേക്ഷകൾ ഹെറിറ്റേജ് പദ്ധതി, ഗ്രീൻ സോൺ എന്ന പേരിൽ നിരസിക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ബദൽ മാർഗ്ഗങ്ങൾ ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്നും ഇല്ലായെങ്കിൽ അവർക്ക് ആവശ്യമായ ഇളവുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | ആലപ്പുഴ നഗരസഭ പ്രദേശത്ത നിലവിലുണ്ടായിരുനന അംഗീകൃത മാസ്റ്റർ പ്ലാൻ നിയന്ത്രണങ്ങൾ പ്രകാരം സ്പെഷ്യൽ സോണായ ഗ്രീൻ സ്ട്രിപ്പ് കൺസർവേഷൻ സോണിൽ ഉൾപ്പെടുന്ന സ്ഥലത്തെ നിർമ്മാണങ്ങൾക്ക് ടൗൺ പ്ലാനർ/ചീഫ് ടൗൺ പ്ലാനറുടെ കൺകറൻസും, ഹെറിറ്റേജ് സോണിൽ ഉൾപ്പെടുന്ന സ്ഥലത്തെ നിർമ്മാണങ്ങൾക്ക് ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ അനുമതി, ടൗൺ പ്ലാനറുടെ കൺകറൻസ് എന്നിവയും ആവശ്യമായിരുന്നു. എന്നാൽ നിലവിൽ അമൃത് പദ്ധതിയുടെ ഉപപദ്ധതിയിൻകീഴിൽ ആലപ്പുഴ പട്ടണത്തിനു വേണ്ടി തയ്യാറാക്കിയ പുതിയ മാസ്റ്റർ പ്ലാൻ 12/06/2024 ലെ സർക്കാരിന്റെ സ.ഉ. (കൈ) നം .64/2024/LSGD ഉത്തരവ് പ്രകാരം അന്തിമ അനുമതി ലഭ്യമായിട്ടുള്ളതും, ആയത് 01/07/2024-ന് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പുതിയ മാസ്റ്റർ പ്ലാനിൽ പ്രസ്തുത ഗ്രീൻ സ്ട്രിപ്പ് കൺസർവേഷൻ സോൺ ഒഴിവാക്കിയിട്ടുള്ളതും, ആർട്ട് & ഹെറിറ്റേജ് സോണിലെ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയിട്ടുള്ളതുമാണ്. ഉത്തരവും ഗസറ്റ് വിജ്ഞാപനവും അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച തസ്തിക | നിലവിലുള്ള തസ്തിക | ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 1 |
|---|---|---|---|---|
| 1 | ടൗൺ പ്ലാനർ | 1 | 1 | |
| 2 | ഡെപ്യൂട്ടി ടൗൺപ്ലാനർ | 2 | 1 | 1 |
| 3 | അസിസ്റ്റന്റ് ടൗൺ പ്ലാനർ | 4 | 3 | 1 |
| 4 | ഡ്രാഫ്റ്റ്സ് മാൻ/ടൗൺ പ്ലാനിംഗ് സർവ്വേയർ ഗ്രേഡ് 1 | 3 | 3 | |
| 5 | ഡ്രാഫ്റ്റ്സ് മാൻ/ടൗൺ പ്ലാനിംഗ് സർവ്വേയർ ഗ്രേഡ് 2 | 3 | 2 | 1 |
| 6 | ട്രേസർ | 2 | 0 | 2 |
| 7 | ജൂനിയർ സൂപ്രണ്ട് | 1 | 1 | |
| 8 | സീനിയർ ക്ലർക്ക് | 1 | 1 | |
| 9 | ക്ളർക്ക് | 2 | 1 | 1 |
| 10 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 1 | 1 | |
| 11 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 | 1 | 1 | |
| 12 | ഓഫീസ് അറ്റൻഡന്റ്/ ചെയിൻമാൻ/ വാച്ച്മാൻ | 6 | 6 | |
| 13 | ഡ്രൈവർ ഗ്രേഡ് 1 | 1 | 1 | |
| | ആകെ | 28 | 22 | 6 |

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അമൃത് പദ്ധതിയിൻകീഴിൽ തയ്യാറാക്കിയ ആലപ്പുഴ മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.**64/2024/LSGD** തീയതി,തിരുവനന്തപുരം, **12-06-2024**

---

പരാമർശം:-

1. **30.01.2023** ലെ സ.ഉ.(കൈ.)നം.**27/2023**/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ്
2. **14.07.2023** ലെ സ.ഉ.(കൈ.)നം.**143/2023**/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ്
3. ആലപ്പുഴ നഗരസഭ കൗൺസിലിന്റെ **11.10.2023** ലെ **49**-◌ാ◌ം നമ്പർ കൗൺസിൽ തീരുമാനം
4. ആലപ്പുഴ നഗരസഭ കൗൺസിലിന്റെ **29.02.2024** ലെ **3**-◌ാ◌ം നമ്പർ കൗൺസിൽ തീരുമാനം
5. **27.04.2024** ലെ മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) -ന്റെ എൽ.എസ്.ജി.ഡി./പി.ഡി./**20961/2023**-ടിസിപിബി3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയുടെ കീഴിൽ ആലപ്പുഴ നഗരസഭ പ്രദേശത്തിനു വേണ്ടി തയ്യാറാക്കിയ കരട് മാസ്റ്റർപ്ലാനിന് പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ, കരട് മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. കരട് ആലപ്പുഴ മാസ്റ്റർപ്ലാനിന്മേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനുള്ള സമയപരിധി, പരാമർശം (2) ഉത്തരവ് പ്രകാരം **31/07/2023** വരെ ദീർഘിപ്പിച്ചു

നല്കിയിട്ടുള്ളതാണ്.

(2) കരട് മാസ്റ്റർപ്ലാനിൻമേൽ ലഭ്യമായ ആക്ഷേപങ്ങളും അഭിപ്രായങ്ങളും, പരാമർശം (3) പ്രകാരം രൂപീകരിച്ച മാസ്റ്റർപ്ലാൻ സ്പെഷ്യൽ കമ്മിറ്റി പരിശോധിക്കുകയും, ആക്ഷേപ അഭിപ്രായങ്ങളിന്മേലുള്ള മാസ്റ്റർപ്ലാൻ കമ്മിറ്റിയുടെ അഭിപ്രായം രേഖപ്പെടുത്തിയ ഫാറം-1 റിപ്പോർട്ടും, പുതുക്കിയ മാസ്റ്റർപ്ലാനും നഗരസഭാ കൗൺസിലിന്റെ പരിഗണനയ്ക്കായി നൽകിയതിൽ, ആലപ്പുഴ നഗരസഭ കൗൺസിലിന്റെ പരാമർശം (4) കൗൺസിൽ തീരുമാനം പ്രകാരമുള്ള മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പരിഷ്കരിച്ച കരട് മാസ്റ്റർപ്ലാൻ അന്തിമ അനുമതിക്കായി പരാമർശം (5) പ്രകാരം നഗരസഭ സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട്.

(3) കരട് ആലപ്പുഴ മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(8) പ്രകാരവും, 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവുമുള്ള സർക്കാരിന്റെ അന്തിമ അനുമതി നൽകാവുന്നതാണെന്ന് പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിട്ടുണ്ട്. 2016 -ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(6) പ്രകാരം സ്പെഷ്യൽ കമ്മിറ്റി ആക്ഷേപാഭിപ്രായങ്ങൾ സ്വീകരിച്ച്, ആയതിന്മേലുള്ള റിപ്പോർട്ട് കൗൺസിൽ മുമ്പാകെ സമർപ്പിക്കേണ്ട സമയപരിധിയും ആക്ടിന്റെ 36(7) വകപ്പ് പ്രകാരം നഗരസഭ കരട് മാസ്റ്റർപ്ലാൻ സർക്കാരിന്റെ അന്തിമ അനുമതിക്കായി സമർപ്പിക്കേണ്ട സമയപരിധിയും (60 ദിവസം) കഴിഞ്ഞിട്ടുള്ളതിനാലും, മേൽ സമയപരിധി 6 മാസത്തിൽ കുറവായതിനാലും, പ്രസ്തുത നടപടിക്രമങ്ങൾക്ക് എടുത്ത സമയപരിധി സാധുകരിക്കുന്നതിനും മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസിദ്ധീകൃത ആലപ്പുഴ മാസ്റ്റർപ്ലാനിന്മേൽ, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(6), 36(7) എന്നിവ പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന സമയപരിധി പാലിക്കാൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, ഇപ്രകാരം അധികരിച്ച സമയപരിധി, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(11) പ്രകാരം സാധൂകരിച്ചു

നൽകിക്കൊണ്ടും പ്രസിദ്ധീകൃത ആലപ്പുഴ മാസ്റ്റർപ്ലാനിന്, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(8) പ്രകാരവും, 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവുമുള്ള അന്തിമ അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ഷർമിള മേരി ജോസഫ്

പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, ആലപ്പുഴ (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, ആലപ്പുഴ നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
6. വിവര പൊതുജന സമ്പർക്ക (വെബ് & പിആർഡി) വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

©
**കേരള സർക്കാർ**
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 13** Vol. XIII | **തിരുവനന്തപുരം, തിങ്കൾ** Thiruvananthapuram, Monday | **2024 ജൂലൈ 01** 01st July 2024 **1199 മിഥുനം 17** 17th Mithunam 1199 **1946 ആഷാഢം 10** 10th Ashadha 1946 | **നമ്പർ** No. | **2087** |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

നോട്ടീസ്

ഫാറം-VI

[ചട്ടം 22(2) കാണുക]

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 36-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയ വസ്തുത അറിയിക്കുന്ന നോട്ടീസ്

റഫ. നം തസ്വഭവ-ആർ.ഡി2/88/2024-തസ്വഭവ. തീയതി, തിരുവനന്തപുരം, *2024 ജൂൺ, 25.*

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ ഭാഗത്തിനായി ആലപ്പുഴ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മുനിസിപ്പൽ കൗൺസിൽ പരിഷ്കരണങ്ങളോട്ട കൂടി സ്വീകരിച്ച മാസ്റ്റർ പ്ലാൻ, 2016–ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്റ്റിലെ (2016 –ലെ 9) 36–ാം വകുപ്പ് (8) –ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) നം. 64/2024/തസ്വഭവ. തീയതി 12–06–2024 പ്രകാരം സർക്കാർ അംഗീകരിച്ചതായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

| | | |
|---|---|---|
| വടക്ക് | : | ആര്യാട് ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | പള്ളാത്തുരുത്തി നദി, കൈനകരി ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | അറബിക്കടൽ |

മാസ്റ്റർപ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദ–നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ.

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ – നിലവിലില്ല

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - നിലവിലില്ല

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കിയ വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക

അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ ബാധകമല്ല.

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ

വിശദ നഗരാസൂത്രണ പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ ബാധകമല്ല

2016–ലെ കേരള നഗര–ഗ്രാമാസൂത്രണ ആക്റ്റിലെ 36–ാം വകുപ്പ് (10)–ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പോലെ, ആലപ്പുഴ മുനിസിപ്പൽ കൗൺസിൽ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കേണ്ടതാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും, വിനിയോഗിക്കുകയോ, വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ, ഭൂവിനിയോഗത്തിനു മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

ഡോ.ഷർമിള മേരി ജോസഫ്

*പ്രിൻസിപ്പൽ സെക്രട്ടറി*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/